**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5654** **03-11-2021 - ൽ മറുപടിയ്ക്ക്**

**വിദേശ മദ്യം ചില്ല് കുപ്പികളിൽ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഇന്ത്യൻ നിർമ്മിത വിദേശ മദ്യം ചില്ല് കുപ്പികളിൽ ലഭ്യമാക്കണമെന്ന ബിവറേജസ് കോർപ്പറേഷന്റെ നിർദ്ദേശം മറ്റ് കമ്പനികൾ നടപ്പാക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്ളാസ്റ്റിക് നിരോധനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ 750ml പാക്കുകൾ നിർബന്ധമായും ചില്ലു കുപ്പികളിൽ ലഭ്യമാക്കണമെന്ന് ബിവറേജസ് കോർപ്പറേഷൻ 2020-21-ൽ ക്ഷണിച്ച ടെൻഡറിൽ നിഷ്കർഷിച്ചിട്ടുണ്ട്. 750ml പാക്കുകൾ വിതരണം ചെയ്യേണ്ട 37 കമ്പനികൾ ഇതു വരെയായി ചില്ലു കുപ്പികളിൽ മദ്യം വിതരണം ചെയ്തിട്ടില്ല. അവർക്കെതിരെ കെ.എസ്.ബി.സി നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഭാവിയിലെ പ്ലാസ്റ്റിക്ക് നിരോധനം മുന്നിൽക്കണ്ട് വിദേശമദ്യം ചില്ല് കുപ്പിയിലേക്ക് മാറ്റുവാൻ വേണ്ട നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ; | (ബി) | വിവിധ ഘടകങ്ങൾ കണക്കിലെടുക്കുമ്പോൾ ചില്ലു കുപ്പികളിലും പ്ളാസ്റ്റിക് കുപ്പികളിലും മദ്യം വിതരണം ചെയ്യുന്നതിന് അനുകൂലവും പ്രതികൂലവുമായ ഘടകങ്ങൾ പരിഗണിച്ച് മാത്രമേ ഇക്കാര്യം നടപ്പിലാക്കുന്നത് പരിഗണിക്കുകയുള്ളൂ. |
| (സി) | ബിവറേജസ് കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയുടെ മദ്യമാണ് വിറ്റഴിച്ചതെന്ന് വ്യക്തമാക്കാമോ? | (സി) | ബിവറേജസ് കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം 13202 കോടി രൂപയുടെ മദ്യമാണ് വിറ്റഴിച്ചത്. |

സെക്ഷൻ ഓഫീസർ